DESPATCHED
On 08/06/2021
06/03/2020

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ CP.No.827(4)/2015/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.10426/SIC-Gen 2/2015**
സന്നിഹിതൻ
ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. കെ. അലവി,
ഒട്ടംകുളം,
പൊന്മള പി.ഒ. – 676 528,
മലപ്പുറം. } പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
വില്ലേജ് ഓഫീസർ,
പൊന്മള വില്ലേജ്,
ചാപ്പനങ്ങാടി പി.ഒ., കോട്ടയ്ക്കൽ – 676 503,
മലപ്പുറം. } എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 01.05.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 22.05.2015 |
| പരാതി ഹർജി കമ്മീഷനിൽ നൽകിയ തീയതി | 17.06.2015 |
| കമ്മീഷനിൽ പരാതി ഹർജി ലഭ്യമായ തീയതി | 19.06.2015 |

## ഉത്തരവ്

പരാതി ഹർജിക്കാരൻ 01.05.15ൽ എതിർകക്ഷിയുടെ ഓഫീസിലെ ഇൻവേഡ്-ഔട്ട്‌വേഡ് രജിസ്റ്ററുകളുടെയും, സ്റ്റാമ്പ് രജിസ്റ്ററിന്റെയും 16.02.15 മുതൽ 30.02.15 വരെയുള്ള തീയതികളിലെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ആവശ്യപ്പെട്ടു നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി ലഭിച്ചില്ല എന്നതാണു പരാതി.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷന്റെ നിർദ്ദേശപ്രകാരം എതിർകക്ഷി 14.07.15ൽ കമ്മീഷന് റിപ്പോർട്ട് നൽകി. റിപ്പോർട്ടിൽ ഇപ്രകാരം പറയുന്നു.

3. "പരാതി ഹർജിക്കാരൻ ആവശ്യപ്പെട്ട പകർപ്പു ലഭിക്കാൻ ഫീസ് ഒടുക്കാൻ നിർദ്ദേശിച്ച് ടിയാന് 22.05.15ൽ കത്തു നൽകുകയും, ഇതിന്റെ അടിസ്ഥാനത്തിൽ 22.06.15ന് ടിയാൻ ഓഫീസിൽ നേരിട്ടെത്തി ഫീസ് അടച്ച് അന്നേ ദിവസം തന്നെ കോപ്പി കൈപ്പറ്റുകയും ചെയ്തു. വീണ്ടും ഇത് 14.07.15ൽ തപാൽ മാർഗം അയച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്.

മറുപടിയുടെ പകർപ്പുകൾ എതിർകക്ഷി കമ്മീഷനും നൽകിയിട്ടുണ്ട്.

4. ഇതെല്ലാം പരിശോധിക്കുമ്പോൾ, പരാതി ഹർജിക്കാരന് മറുപടി ലഭിച്ചിട്ടുണ്ടെന്നും, ആയത് വൈകി എന്നതിന് പ്രസക്തിയില്ലെന്നും കമ്മീഷൻ നിരീക്ഷിക്കുന്നു. കാരണം, എതിർകക്ഷി നിർദ്ദേശിച്ചതനുസരിച്ച് പകർപ്പുകൾക്കുള്ള ഫീസടയ്ക്കുന്നതിനു മുമ്പാണ് ടിയാൻ കമ്മീഷന് പരാതി നൽകിയിട്ടുള്ളത്.

5. ആയതുകൊണ്ട് പരാതി ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേ ദിവസം, 2020 മാർച്ച് മാസം 6-ാം തീയതി കമ്മീഷൻ ഉത്തരവാകുന്നു.

(ഒപ്പ്)
കെ.വി.സുധാകരൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

gk.